# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വളപട്ടണം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.5/1623/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 10/02/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വളപട്ടണം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വളപട്ടണം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വളപട്ടണം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.5/1623/2022 തീയ്യതി: 10/02/2023

## കണ്ണൂർ ജില്ലയിലെ വളപട്ടണം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ വളപട്ടണം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2021 മുതൽ 06-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. രാജിലൻ. എം. സി. | ഡെപ്യൂട്ടി ഡയറക്ടർ | 07-11-2022 | 16-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-11-2022 | 16-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സി.വി. ജ്യോതിഷ് കുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി. സുമതി. ടി. ഒ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. അന്ന അബ്രഹാം, ഓഡിറ്റർ ( ഹയർ ഗ്രേഡ്)
ശ്രീ. ശ്രീനാഥ്. വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഷമീമ. പി. പി. | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. പ്രജിത്ത്. എൻ. | സെക്രട്ടറി | 01-04-2021 | 08-07-2021 |
| ശ്രീമതി. രാഗിണി. കെ. കെ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 09-07-2021 | 11-07-2021 |
| ശ്രീ. ബിന്ദി ലക്ഷമണൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-07-2021 | 18-07-2021 |
| ശ്രീ. ഹരിദാസ്. സി. എം. | സെക്രട്ടറി | 19-07-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അനിൽ. പി. കെ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 30-04-2021 |
| ശ്രീമതി. രാഗിണി. കെ. കെ. | അസിസ്റ്റന്റ് സെക്രട്ടറി | 01-05-2021 | 01-08-2021 |
| ശ്രീ. വിജീഷ്. പി. | അസിസ്റ്റന്റ് സെക്രട്ടറി | 02-08-2021 | 31-03-2022 |
| ശ്രീ. ഉല്ലാസൻ. സി. പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി. റമീസ. ഇ. എം. | കൃഷി ഓഫീസർ | 01-04-2021 | 15-12-2021 |
| ശ്രീ. പ്രസന്നൻ. യു. | കൃഷി ഓഫീസർ | 16-12-2021 | 31-03-2022 |
| ശ്രീമതി. സീമ. ഡി. | വി.ഇ.ഒ. | 01-04-2021 | 15-09-2021 |
| ശ്രീമതി. നിഷ രാജൻ | വി.ഇ.ഒ. | 16-09-2021 | 31-03-2022 |
| ഡോ. ജ്ഞംജ്ഞമി. പി. എ. | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ. അമർനാഥ്. പി. | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2021 | 16-06-2021 |
| ഡോ. മിഥുൻ. പി. കെ | മെഡിക്കൽ ഓഫീസർ ആയുർവേദം | 17-06-2021 | 31-03-2022 |
| ഡോ. അനുഷ. ഇ. വി. | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ. ജ്യോതിസ്. വി. പി. | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി. ഡാലിയാമോൾ കെ സ്റ്റീഫൻ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | പുതുക്കിയ ബജറ്റ് | 1-1-1 |
| 3 | വാർഷിക കണക്കിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം. | 1-5 |
| 7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 11 | ഗ്രാമ സഭ | 1-10 |
| 12 | പിരിച്ചെടുത്ത തുക ബാങ്കിൽ അടവാക്കാൻ വൈകി | 1-11 |
| 13 | 60 ച.മി യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കി | 1-12 |
| 14 | അനധികൃത കെട്ടിട നിർമ്മാണം - രജിസ്റ്ററിലെ അപാകങ്ങൾ | 1-13 |
| 15 | ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കു വരുത്തിയതിലെ അപാകതകൾ | 1-14 |
| 16 | ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. | 1-15 |
| 17 | എഫ്.ടി.ഇ & ഒ എസ് ലൈസൻസ് ഫീസ് നിശ്ചയിച്ചതിലെ അപാകതകൾ | 1-16 |
| 18 | മോട്ടോർ റണ്ണിങ് ഫീസ് ഈടാക്കിയതിലെ അപാകതകൾ | 1-17 |
| 19 | ഇ-ടെണ്ടർ ഫീ - ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിക്കാനുള്ള മുഴുവൻ തുകയും ലഭിച്ചിട്ടില്ല | 1-18 |
| 20 | വീട് വാസയോഗ്യമാക്കൽ പദ്ധതി - കെട്ടിടങ്ങളുടെ കൈമാറ്റ വിവരം അറിയിക്കാത്തത് | 1-19 |
| 21 | സർക്കാർ ഉത്തരവ് പാലിക്കാതെ ആർജിതാവധി സറണ്ടർ അനുവദിച്ചു | 1-20 |
| 22 | മരണശേഷവും പെൻഷൻ തുക അനുവദിച്ചു | 1-21 |
| 23 | ഗാർഹിക റിംഗ് കമ്പോസ്റ്റ്-ഗുണഭോക്തൃ വിഹിതം തനത് ഫണ്ടിൽത്തന്നെ നിലനിൽക്കുന്നു. | 1-22 |
| 24 | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - കെൽട്രോണിന് ₹3832 അധികം നൽകി | 1-23 |
| 25 | തെങ്ങിന് ജൈവ-രാസവളം,കുമ്മായം വിതരണം-ഗുണഭോക്താവ് ബിൽ | 1-24 |

| | | |
|---|---|---|
| | ലഭ്യമാക്കാത്ത ഇനത്തിന് സബ്സിഡി തുക അനുവദിച്ചു-₹2497യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | |
| 26 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - ₹123584 യുടെ മരുന്ന് ലഭ്യമായിട്ടില്ല. | 1-25 |
| 27 | തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനായി ഇലക്ട്രിക്ക് ലൈൻ വലിക്കൽ -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-26 |
| 28 | കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം അടവാക്കൽ - സംയുക്ത പരിശോധനാ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല | 1-27 |
| 29 | തെരുവ് വിളക്കിനായി ഇലക്ട്രിക്ക് ലൈൻ വലിക്കൽ പട്ടികജാതി സങ്കേതം - വിനിയോഗ വിവരം ലഭ്യമല്ല | 1-28 |
| 30 | തെരുവ് വിളക്കിനായി ഇലക്ട്രിക്ക് ലൈൻ വലിക്കൽ - വിനിയോഗ വിവരം ലഭ്യമല്ല | 1-29 |
| 31 | മഴക്കാല പൂർവ്വ ശുചീകരണം - തുക വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 1-30 |
| 32 | ഐ കെ എം വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 1-31 |
| 33 | വളപട്ടണം കമ്മ്യൂണിറ്റി ടോയ് ലറ്റിന് വാട്ടർ കണക്ഷൻ നൽകൽ-തുക വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-32 |
| 34 | ജി.ഐ.എസ് മാപ്പിംഗ് സർവ്വേ പൂർത്തിയായിട്ടില്ല - ₹277531 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-33 |
| 35 | ഐ.ഇ.സി പ്രവർത്തനങ്ങൾ - ബോർഡ് സ്ഥാപിച്ചതിന്റെ രേഖ ലഭ്യമാക്കിയിട്ടില്ല | 1-34 |
| 36 | അങ്കണവാടികളുടെ ഭൗതികസാഹചര്യങ്ങൾ - അവലോകനം | 1-35 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |

| | | |
|---|---|---|
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | RECEIPT & PAYMENT STATEMENT | |
| 4 | INCOME & EXPENDITURE STATEMENT | |
| 5 | BALANCE SHEET | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

വളപട്ടണം ഗ്രാമ പഞ്ചായത്തിന്റെ 2021-22 ലെ ബജറ്റ് 20-2-2021 ലെ 1/2021 -ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 21077661 |
| വരവ് | 70026600 |
| ആകെ | 91104261 |
| ചെലവ് | 64619400 |
| നീക്കിയിരിപ്പ് | 26484861 |

## 1-1-1 പുതുക്കിയ ബജറ്റ്

വളപട്ടണം ഗ്രാമ പഞ്ചായത്തിന്റെ 2021-22 ലെ പുതുക്കിയ ബജറ്റ് 26-3-2022 ലെ 4/2022-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 38302142 |
| വരവ് | 77257678 |
| ആകെ | 115559820 |
| ചെലവ് | 106716280 |
| നീക്കിയിരിപ്പ് | 8843540 |

## 1-2-1 വാർഷിക കണക്കിലെ അപാകതകൾ

2021-22 വർഷത്തെ വാർഷിക കണക്കിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. Grants, Funds Contribution For Specific Purpose (320300199) എന്ന ഹെഡിൽ 2021-22 വർഷം ₹401566 വരവുണ്ട്. എന്നാൽ RP-31 പ്രകാരം ₹370443 മാത്രമാണ് വരവ് രേഖപ്പെടുത്തിയിരിക്കുന്നത്. ₹31123 വ്യത്യാസമുണ്ട്.
2. 350300103 എന്ന ഹെഡിൽ ബി-9 ഷെഡ്യൂൾ പ്രകാരം Value Added Tax ഇനത്തിൽ 2016-17 വർഷം വരവ് ചെയ്ത ₹2588 അടവാക്കാൻ ബാക്കിയുണ്ട്. നികുതി സമയബന്ധിതമായി ഒടുക്കാതെ ഇപ്രകാരം നീക്കിയിരിപ്പ് ബാധ്യതയായി രേഖപ്പെടുത്താനുള്ള കാരണം വ്യക്തമല്ല.
3. 350300199 Govt. & Other Dues Payables എന്ന ഹെഡിൽ 2017-18 വർഷം വിനോദ നികുതിയുടെ കൂടെ അടവാക്കിയ സെസ് തുക ₹21897 സർക്കാരിലേക്ക് അടക്കാൻ അവശേഷിക്കുന്നുണ്ട്.
4. ടെണ്ടർ ഫോം രജിസ്റ്റർ ഹാജരാക്കാത്തതിനാൽ ₹80050 കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല
5. ജീവനക്കാരുടെ തൊഴിൽ നികുതി 1-1 ഷെഡ്യൂൾ പ്രകാരം ₹2071440 യും തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ₹2070840 യുമാണുള്ളത്.
6. സ്ഥിരനിക്ഷേപമിനത്തിൽ ബി-12 പ്രകാരം ₹22489029 യാണുള്ളത്. എന്നാൽ സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റ് പ്രകാരം ₹22331188 ആണുള്ളത്. സ്ഥിര നിക്ഷേപ രജിസ്റ്റർ വർഷം തിരിച്ച് വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
7. ബി-11 ഷെഡ്യൂളിൽ ഭൂമി, വാഹനം ഇവയുടെ മൂല്യം രേഖപ്പെടുത്തിയിട്ടില്ല
8. B11 Schedule ന് അനുസൃതമായി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടുണ്ടെങ്കിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.
9. തൊഴിലുറപ്പ് പദ്ധതിയിൽ 2021-22 വർഷം താഴെ പറയും പ്രകാരം ചെലവുണ്ട്. ടി തുക വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടില്ല

| ഇനം | തുക |
|---|---|
| Unskilled Wages | ₹76136 |
| Skilled /Semi Skilled Wages | ₹80400 |
| Material Cost | ₹292479 |

| | |
|---|---|
| Total | ₹449015 |

10. Rvenue Expenditure From Block Panchayayh(320700404) എന്ന ഹെഡിൽ 2020-21 വർഷം നീക്കിയിരിപ്പില്ല. 2021-22 വർഷത്തെ ആർ.പി 31 പ്രകാരം ₹6945 വരവും 1-6 പ്രകാരം ₹6945 ചെലവും രേഖപ്പെടുത്തിയിട്ടുണ്ട്. ബി-4 ൽ ₹6945 നീക്കിയിരിപ്പ് കാണിച്ചത് വ്യക്തമല്ല.

11. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തിപൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബാലൻസ്ഷീറ്റിൽ ക്ലോസിങ് സ്റ്റോക്കിന്റെ വിവരങ്ങൾ ചേർത്തിട്ടില്ല.

12. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62(3),(4) പ്രകാരമുള്ള നിർദ്ദശങ്ങൾ പാലിച്ചിട്ടില്ല

13. വാർഷിക കണക്കുകളിലെ പൊരുത്തക്കേട് സംബന്ധിച്ച് കുറിപ്പുകൾ (Notes On Accounts), തയ്യാറാക്കിയിട്ടില്ല.

14. 2021-22 മാർച്ച് മാസത്തെ ടെലഫോൺ ചാർജ്ജ്, ജനപ്രതിനിധികളുടെ ഹോണറേറിയം, കരാർ ജീവനക്കാരുടെ ശമ്പളം എന്നിവയുടെ ബാധ്യത B-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| വർഷം | 2021-22 |
|---|---|
| മുന്നിരിപ്പ് | 14280072 |
| വരവ് | 106085851 |
| ആകെ | 120365923 |
| ചെലവ് | 103515963 |
| നീക്കിയിരിപ്പ് | 16849960 |
| വരവിനങ്ങളിലെ നഷ്ടം | 36840 |
| ചെലവിനങ്ങളുടെ നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 280028 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ | | 7232472 | 7232472 | 6198447 | 1034025 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 407739 | 407739 | 372168 | 35571 |
| സംരക്ഷണ ഗ്രാന്റ് , റോഡ് (ACR പ്രകാരം) | 0 | 1381343 | 1381373 | 580109 | 801234 |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ്-റോഡിതരം (ACR പ്രകാരം) | 0 | 5202519 | 5202519 | 1881938 | 3320581 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് ഗ്രാന്റ് | 0 | 2125000 | 2125000 | - | 2125000 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ്-ബേസിക്ക് | 0 | 1444174 | 1444174 | 1416076 | 28098 |
| ദുരിതാശ്വാസനിധി | 93435 | 14443 | 107878 | - | 107878 |
| ടോട്ടൽ സാനിറ്റേഷൻ കാംപെയ്ൻ | 330496 | 15037 | 345533 | - | 345533 |
| ഐസിഡിഎസ്-കേന്ദ്രവിഹിതം | 666470 | 281870 | 948340 | 387114 | 561226 |
| എം പി ഫണ്ട് | 2425 | 74 | 2499 | 95 | 2404 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 62313 | 130000 | 192313 | 192313 | - |
| ലൈബ്രറി ഗ്രാന്റ് | 47984 | 61200 | 109184 | 59038 | 50146 |
| സാക്ഷരത | 1025 | 47 | 1072 | - | 1072 |
| Contribution For Specific Purpose Other Govt.agencies | 43607 | 370443 | 414050 | 24720 | 389330 |
| തൊഴിലുറപ്പ് പദ്ധതി | 3690 | 73 | 3763 | 3608+ 155(തിരിച്ചടവ്) | 0 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 130 | 51829869 | 82 | 18903142 | 6 | 48 | 58.46 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്ടുകളുടെ എണ്ണം | | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|---|
| | | ഏറ്റെടുത്തത് | നടപ്പിലാക്കിയത് | | | |

| | | | | | | |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 33 | 18 | 9715856 | 2541338 | 26.16 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 3 | 1 | 385000 | 75000 | 19.48 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 62 | 33 | 30684178 | 8582636 | 27.97 |
| 4 | കൃഷി ഓഫീസർ | 5 | 5 | 1189119 | 1189119 | 100 |
| 5 | വി.ഇ.ഒ. | 7 | 6 | 5009686 | 2452796 | 48.96 |
| 6 | മെഡിക്കൽ ഓഫീസർ PHC | 9 | 8 | 2164000 | 1461663 | 67.54 |
| 7 | മെഡിക്കൽ ഓഫീസർ GAD | 1 | 1 | 200000 | 168680 | 84.34 |
| 8 | മെഡിക്കൽ ഓഫീസർ GHD | 2 | 2 | 409430 | 402646 | 98.34 |
| 9 | വെറ്റിനറി സർജൻ | 5 | 5 | 557600 | 556708 | 99.84 |
| 10 | ICDS സൂപ്പർവൈസർ | 3 | 3 | 1515000 | 1472556 | 97.2 |
| | ആകെ | 130 | 82 | 51829869 | 18903142 | 36.47 |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമ പഞ്ചായത്തിൽ എം എൻ ആർ ഇ ജി എസ് വിഭാഗത്തിൽ ജീവനക്കാരില്ല. ഗ്രാമ പഞ്ചായത്തിലെ തൊഴിലുറപ്പ് പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതും മറ്റ് ഭരണപരമായ ചുമതലകൾ നിർവ്വഹിക്കുന്നതും കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിലെ ജീവനക്കാരാണ്. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ഭരണച്ചെലവ് ഇല്ല. സാധനഘടകം ഉൾപ്പെടെ ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്ന ഇനത്തിൽ ആകെ ₹449015 ചെലവുണ്ട്.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| തൊഴിലുറപ്പ് പദ്ധതി | 3690 | 47 | 3737 | 3582<br>155 (തിരിച്ചടവ്) | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക ₹ |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2 | 28800 |
| വിധവാ പെൻഷൻ | 273 | 3842600 |
| വാർദ്ധക്യകാല പെൻഷൻ | 592 | 8051000 |
| വികലാംഗ പെൻഷൻ | 97 | 1236000 |
| അവിവാഹിത പെൻഷൻ | 10 | 122000 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) -ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-11-2022 ന് 3.23 Pm സമയത്ത് അക്കൌണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹13,167

യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഒരു സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം എന്നത് ആ സ്ഥാപനത്തിന്റെ പൊതുവായ പ്രവർത്തനങ്ങളുടെയും അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെയും കാഷിന്റെയും ബാങ്കിന്റയും ഇടപാടുകളുടെ നിയന്ത്രണവും വരുമാനം വർദ്ധിപ്പിക്കാനായി നടപടി സ്വീകരിക്കുന്നതോടൊപ്പം പിരിച്ചെടുക്കാനുള്ള നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിലുള്ള കാര്യക്ഷമതയും മുഴുവൻ ചെലവുകളുടെയും ആധികാരിത ഉറപ്പുവരുത്തുന്നതുമായ സമ്പ്രദായമാണ്. ഓഡിറ്റ് വർഷത്തെ രേഖകൾ പരിശോധിച്ചതിൽ നിന്നും ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണെന്ന് ബോധ്യപ്പെടുകയുണ്ടായി. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകൾ വഴി ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചുമതലാ ക്രമീകരണങ്ങൾ വരുത്തുകയും ചെയ്യുന്നുണ്ട്. ഓഡിറ്റ് വർഷം കൃത്യമായ ഇടവേളകളിൽ സ്റ്റാഫ് മീറ്റിംഗുകൾ ചേരുകയും സുഗമമായ ഓഫീസ് പ്രവത്തനത്തിനുതകുന്നിനുള്ള തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്.

## 1-10 ഗ്രാമ സഭ

ഗ്രാമ പഞ്ചായത്തിലെ പതിമൂന്ന് വാർഡുകളിലും തൻവർഷം 1/2022 ൽ ഒരു തവണ മാത്രമാണ് ഗ്രാമസഭായോഗം ചേർന്നിട്ടുള്ളത്.

## 1-11 പിരിച്ചെടുത്ത തുക ബാങ്കിൽ അടവാക്കാൻ വൈകി

പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 26 (2) പ്രകാരം ദിവസേനയുള്ള കളക്ഷൻ അന്നേ ദിനമോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ ബാങ്കിൽ അടവാക്കേണ്ടതാണ്. എന്നാൽ ശ്രീ. പ്രവീൺ. പി. എസ്, ക്ലർക്ക് ഔട്ട് ഡോർ കലക്ഷന് ഉപയോഗിച്ച രസീത് ബുക്ക് നമ്പർ 10826 ലെ 1 മുതൽ 21 വരെയുള്ള രസീതുകൾ പ്രകാരം 09.11.2021 ന് വരവ് വന്നിട്ടുള്ള ₹13,968 കളക്ഷൻ രജിസ്റ്ററിൽ അന്നേ ദിവസം വരവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഡേ ബുക്കിൽ വരവ് ചേർത്ത് ബാങ്കിൽ ഒടുക്കിയിരിക്കുന്നത് 17.11.2021 നാണ്. ഇത് സംബന്ധിച്ച് 32/16.11.2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ തുക വൈകി ഒടുക്കിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും ദിവസേനയുള്ള കളക്ഷൻ അന്നേ ദിനമോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ ബാങ്കിൽ അടവാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-12 60 ച.മി യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കി

സ.ഉ. (എം.എസ്) 358/15 തി.16.12.2015 പ്രകാരം 60 ച.മി വരെ വിസ്തീർണമുള്ള എല്ലാ വാസ ഗൃഹങ്ങളേയും 2015-16 സാമ്പത്തിക വർഷം മുതൽ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. സഞ്ചയയിൽ വസ്തു നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയ കെട്ടിടങ്ങളുടെ വിവരങ്ങൾ, അസസ്സ്മെന്റ് (ഫോറം 6) എന്നിവ പ്രകാരം 60 ച.മി യിൽ കൂടുതൽ വിസ്തീർണമുള്ള ചുവടെ ചേർത്ത കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടില്ല.

| ക്രമ നമ്പർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | ഉടമസ്ഥന്റെ പേര് |
|---|---|---|---|
| 1 | 5/61 | താഴത്തെ നില (84 ച മീ) | സുബൈദ ടി പി |
| 2 | 7/110 | താഴത്തെ നില (75 ച മീ), ഒന്നാം നില (75 ച മീ ) | താഴെ വീട്ടിൽ സീത |
| 3 | 7/111 | താഴത്തെ നില (100 ച മീ) | ടി രമേശൻ |
| 4 | 7/117 | താഴത്തെ നില (208 ച മീ) | അങ്ങേ വീട്ടിൽ വസന്ത |
| 5 | 7/138 | താഴത്തെ നില (280 ച മീ) | കെ ചിന്നമ്മാളമ്മ |
| 6 | 7/139 | താഴത്തെ നില (180 ച മീ) | കെ ചിന്നമ്മാളമ്മ |
| 7 | 8/119 | താഴത്തെ നില (171 ച മീ), ഒന്നാം നില (112 ച മീ ) | കെ ഇന്ദിര |

| | | | |
|---|---|---|---|
| 8 | 8/150 | താഴത്തെ നില (88 ച മീ), ഒന്നാം നില (68 ച മീ ) | പുളിയാങ്കോട് ശിവദാസൻ |
| 9 | 5/194 | താഴത്തെ നില (100 ച മീ), ഒന്നാം നില (100 ച മീ ) | സുജിത്ത് കുമാർ കീറക്കൽ |
| 10 | 9/84 | താഴത്തെ നില (108 ച മീ) | പുതിയ വീട്ടിൽ ജയശ്രീ |

60 ച.മി യിൽ കൂടുതൽ വിസ്തീർണമുള്ള ചുവടെ ചേർത്ത കെട്ടിടങ്ങൾക്ക് നികുതിചുമത്താത്തത് സംബന്ധിച്ച് 17/15.11.2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി മേൽ പട്ടികയിലെ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയതിന്റെ കാരണങ്ങൾ പരിശോധിച്ച് ഇളവിന് അർഹതയില്ലാത്ത കെട്ടിടങ്ങളിൽ നിന്ന് നികുതി ചുമത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്. തുടർ നടപടികളുടെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 1-13 അനധികൃത കെട്ടിട നിർമ്മാണം - രജിസ്റ്ററിലെ അപാകങ്ങൾ

സഞ്ചയ പ്രകാരം വളപട്ടണം ഗ്രാമ പഞ്ചായത്തിൽ എട്ട് അനധികൃത കെട്ടിടങ്ങളാണുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | ഉപയോഗ ക്രമം |
|---|---|---|---|
| 1 | 4/102 A | വി പി ജാസ്മിൻ | പാർപ്പിടാവശ്യം |
| 2 | 7/163 A | മൊട്ടമ്മൽ പ്രകാശൻ | പാർപ്പിടാവശ്യം |
| 3 | 8/65 A | കെ പി ബുഷ്റ | പാർപ്പിടാവശ്യം |
| 4 | 10/159 A | സഹിദ ടി എം | പാർപ്പിടാവശ്യം |
| 5 | 10/172 A | സുഹറ | പാർപ്പിടാവശ്യം |
| 6 | 10/172 C | വാഴവളപ്പിൽ സജ്ന | പാർപ്പിടാവശ്യം |
| 7 | 10/236 A | ഇബ്രാഹിം കോയക്കുട്ടി തങ്ങൾ | പാർപ്പിടാവശ്യം |
| 8 | 11/32 A | ചെപ്പിലാട്ട് ഷമീർ | പാർപ്പിടാവശ്യം |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.05.2014 തിയതിയിലെ 29342/ആർ.എ1/2014/തസ്വഭവ നമ്പർ സർക്കുലറിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അനധികൃത നിർമ്മാണ രജിസ്റ്റർ സൂക്ഷിക്കേണ്ടതിനെക്കുറിച്ചും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ട വിവരങ്ങളെക്കുറിച്ചും വ്യക്തമായ നിർദേശങ്ങൾ നൽകിയിട്ടുണ്ട്. വളപട്ടണം ഗ്രാമ പഞ്ചായത്തിൽ പരിപാലിച്ചു വരുന്ന അനധികൃത നിർമ്മാണ രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്തിലെ അനധികൃത കെട്ടിടങ്ങളുടെ ചട്ടലംഘനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ, ചട്ടലംഘനത്തിനെതിരെ സ്വീകരിച്ച നടപടികൾ എന്നിവയൊന്നും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ 4/102 A, 7/163 A എന്നീ അനധികൃത കെട്ടിടങ്ങളെ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. സർക്കാർ ഉത്തരവ് നം. (എം,എസ്) 170/2016 തസ്വഭവ തീയതി 16.11.2016ലെ ഉത്തരവ് (3) പ്രകാരം UA നമ്പർ നൽകുന്ന കെട്ടിടങ്ങളുടെ പൂർണ്ണ വിവരം നിർമ്മാണത്തിന്റെ സ്റ്റേജ് വ്യക്തമായി മനസ്സിലാക്കുന്ന വിധം ഫോട്ടോയെടുത്ത് പഞ്ചായത്ത് അധികൃതർ രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതാണ്. ഈ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പരിപാലിക്കേണ്ട അനധികൃത നിർമ്മാണ രജിസ്റ്ററിന്റെ മാതൃക തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.05.2014 ലെ നം.29342/RA1/2014/ത.സ്വ.ഭ.വ സർക്കുലറിന്റെ അനുബന്ധം 1 ൽ ചേർത്തിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ പരിപാലിച്ചു വരുന്ന അനധികൃത നിർമ്മാണ രജിസ്റ്റർ ഈ മാതൃകയിലുള്ളതല്ല.

ഇത് സംബന്ധിച്ച് 15/15.11.2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ നിലവിലുള്ള അനധികൃത കെട്ടിടങ്ങളുടെ ചട്ടലംഘനങ്ങളുടെ വിവരങ്ങൾ, ചട്ടലംഘനത്തിനെതിരെ

സ്വീകരിച്ച നടപടികൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും സർക്കാർ നിർദ്ദേശിച്ചമാതൃകയിൽ അനധികൃത നിർമ്മാണ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-14 ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കു വരുത്തിയതിലെ അപാകതകൾ

വളപട്ടണം ഗ്രാമ പഞ്ചായത്തിലെ 2021-22 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി ഈടാക്കിയതുമായി ബന്ധപ്പെട്ടുള്ള അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. ഗ്രാമ പഞ്ചായത്തുമായി 2021-22 സാമ്പത്തിക വർഷത്തിൽ മരാമത്ത് പ്രവർത്തികൾക്കായി കരാറിൽ ഏർപ്പെട്ടിട്ടുള്ള കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.
2. കളരിവാതുക്കൽ ഭഗവതി ക്ഷേത്രത്തിലെ ജീവനക്കാരിൽ നിന്ന് രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.
3. ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.
4. BSNL വളപട്ടണം, മാവേലി സ്റ്റോർ വളപട്ടണം എന്നീ സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് 12/14.11.2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി ഇനത്തിലുള്ള മേൽ പരാമർശിച്ച തുകകൾ ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-15 ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

2021-22 കാലയളവിൽ എഫ് ടി ഇ & ഒ എസ് ലൈസൻസ് എടുത്ത താഴെ പറയുന്ന വ്യാപാരസ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തതിട്ടില്ല.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം |
|---|---|---|
| 14 | സൂപ്പർ വുഡ് ഇൻഡസ്ട്രീസ് | 4 |
| 54 | കെ പി വുഡ് ഇൻഡസ്ട്രീസ് | 6 |
| 56 | ഹൈവേ ഫ്യുവൽസ് | 8 |
| 70 | അമാന ടൊയോട്ട | 70 |
| 145 | മെറീന ബേക്കറി | 5 |
| 157 | ഡക്കോർ ഡിസൈൻസ് | 4 |
| 179 | കോഹിനൂർ സോമിൽ | 4 |
| 192 | സഫാരി റസ്റ്റോറന്റ് | 6 |
| 204 | കോൺടിനെന്റൽ ഹോട്ടൽ | 10 |
| 215 | നേഷണൽ സോമിൽ | 4 |
| 225 | ഗോൾഡൻ അഗ്രോ പ്രൊഡക്ട്സ് | 5 |

| | | |
|---|---|---|
| 253 | രാജേഷ് ഹാന്റ് ലൂം പ്രിന്റേർസ് | 6 |
| 271 | രുചി ഫാസ്റ്റ് ഫുഡ് | 4 |
| 275 | TMM ട്രേഡേർസ് | 4 |
| 278 | കാൾ ജോൺസ് ക്ലോത്തിംഗ് കമ്പനി | 9 |

മേൽ പട്ടികയിലെ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാത്തതിന്റെയും സ്ഥാപനങ്ങളിലെ തൊഴിലുടമകളിൽ നിന്നും 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം ജീവനക്കാരുടെ വരുമാനത്തെയോ ശമ്പളത്തെയോ കുറിച്ചുള്ള വിവരങ്ങൾ ആവശ്യപ്പെടുകയോ ചട്ടം 17 പ്രകാരം നികുതി നിർണ്ണയിക്കുകയോ ചട്ടം 18 പ്രകാരം ഡിമാൻറ് ചെയ്യുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 16 തീയതി 15.11.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ലൈസൻസ് എടുത്ത സ്ഥാപനങ്ങളിലെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ ജീവനക്കാർ ആയത് ഒടുക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-16 എഫ്.ടി.ഇ & ഒ എസ് ലൈസൻസ് ഫീസ് നിശ്ചയിച്ചതിലെ അപാകതകൾ

വളപട്ടണം ഗ്രാമ പഞ്ചായത്തിലെ ഉൽപ്പാദന മേഖലയിലെയും സേവന മേഖലയിലെയും സ്ഥാപനങ്ങളെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ വിവിധ സ്ലാബുകളായി തിരിച്ചാണ് ലൈസൻസ് ഫീസ് ഈടാക്കി വരുന്നത് (23.04.2018 ലെ പഞ്ചായത്ത് ഭരണ സമിതി യോഗത്തിലെ 16/98 നമ്പർ തീരുമാന പ്രകാരം). ഇത് പ്രകാരം സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് നിശ്ചയിച്ചിരിക്കുന്നത് താഴെ പറയും പ്രകാരമാണ്.

| 1. മൈക്രോ സംരംഭങ്ങൾ | | | |
|---|---|---|---|
| ഉത്പാദന മേഖല | ഫീസ് ₹ | സേവന മേഖല | ഫീസ് ₹ |
| 50000 രൂപ വരെ | 100 | 25000 രൂപ വരെ | 100 |
| 50001 മുതൽ 1 ലക്ഷം വരെ | 200 | 25001 മുതൽ 1 ലക്ഷം വരെ | 200 |
| 100001 മുതൽ 2 ലക്ഷം വരെ | 300 | 100001 മുതൽ 2 ലക്ഷം വരെ | 300 |
| 200001 മുതൽ 5 ലക്ഷം വരെ | 350 | 200001 മുതൽ 3 ലക്ഷം വരെ | 400 |
| 500001 മുതൽ 10 ലക്ഷം വരെ | 400 | 300001 മുതൽ 10 ലക്ഷം വരെ | 500 |
| 1000001 മുതൽ 25 ലക്ഷം വരെ | 500 | | |
| 2. മിനി സംരംഭങ്ങൾ | | | |
| ഉത്പാദന മേഖല | ഫീസ് ₹ | സേവന മേഖല | ഫീസ് ₹ |
| 2500001 മുതൽ 1 കോടി വരെ | 1000 | 1000001 മുതൽ 50 ലക്ഷം വരെ | 1000 |
| 3. ചെറുകിട സംരംഭങ്ങൾ | | | |

| ഉത്പാദന മേഖല | ഫീസ് ₹ | സേവന മേഖല | ഫീസ് ₹ |
|---|---|---|---|
| 10000001 മുതൽ 5 കോടി വരെ | 5000 | 5000001 മുതൽ 2 കോടി വരെ | 5000 |
| 4. ഇടത്തരം സംരംഭങ്ങൾ | | | |
| ഉത്പാദന മേഖല | ഫീസ് ₹ | സേവന മേഖല | ഫീസ് ₹ |
| 50000001 മുതൽ 10 കോടി വരെ | 10000 | 20000001 മുതൽ 5 കോടി വരെ | 10000 |
| 5. വൻകിട സംരംഭങ്ങൾ | | | |
| ഉത്പാദന മേഖല | ഫീസ് ₹ | സേവന മേഖല | ഫീസ് ₹ |
| 10000001 രൂപക്ക് മുകളിൽ | 15000 | 50000001 രൂപക്ക് മുകളിൽ | 15000 |

2021-22 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം ചുവടെ ചേർത്ത സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീസ് കുറവായാണ് ഈടാക്കിയത്.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | കെട്ടിട നമ്പർ | സംരംഭം | മൂലധന നിക്ഷേപം | ഈടാക്കിയ ഫീസ് | ഈടാക്കേണ്ടിയിരുന്ന ഫീസ് | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|
| 14 | എ ഇസ്ഹാക്ക് | 10/174 | സൂപ്പർ വുഡ് ഇൻഡസ്ട്രീസ് (ഉൽപാദന മേഖല) | 30 ലക്ഷം | 500 | 1000 | 500 |
| 16 | അയൂബ് കെ പി | 12/211 | പെട്രോൾ പമ്പ് (സേവന മേഖല) | 3 കോടി | 4000 | 10000 | 6000 |
| 35 | മുഹമ്മദ് അനസ് എം വി | 3/246 | ജനതാ ട്രേഡിംഗ് (സേവന മേഖല) | 12 ലക്ഷം | 400 | 1000 | 600 |
| 36 | ജസീൽ എം പി | 3/35 | ഗസ്സാസ് ഗ്ലാസ് മാർട്ട് (സേവന മേഖല) | 12 ലക്ഷം | 300 | 1000 | 700 |
| 37 | അബ്ദു റഹ്മാൻ വി കെ | 2/438 | വി കെ ടിമ്പേർസ് (സേവന മേഖല) | 13 ലക്ഷം | 300 | 1000 | 700 |
| 38 | അബൂബക്കർ വി കെ | 3/27 | ജനതാ ടിമ്പർ (സേവന മേഖല) | 45 ലക്ഷം | 500 | 1000 | 500 |
| 40 | സക്കറിയ കെ വി | 2/322,323 | സക്കറിയ സ്റ്റോർസ് (സേവന മേഖല) | 4 ലക്ഷം | 300 | 500 | 200 |
| 42 | കെ ഹാരിസ് | 3/332 | സഹീദ് സ്റ്റോർ (സേവന മേഖല) | 12 ലക്ഷം | 300 | 1000 | 700 |
| 52 | അൻസാരി പി എം | 8/16 | ഹൈവേ ട്രേഡേഴ്സ് (സേവന മേഖല) | 3 ലക്ഷം | 300 | 400 | 100 |
| 56 | ഇ എം ശ്രീധരൻ | 6/93 | പെട്രോൾ പമ്പ് (സേവന മേഖല) | 1 കോടി | 4000 | 5000 | 1000 |

| | | | | | | | |
|---|---|---|---|---|---|---|---|
| 78 | റിജേഷ് എക്സ് | 2/188,189 | സപ്ലൈകോ മാവേലി സ്റ്റോര് (സേവന മേഖല) | 15 ലക്ഷം | 500 | 1000 | 500 |
| 86 | സി ഹരീന്ദ്രൻ | 8/77 - 79 | ആനന്ദ് ടെക്സ്റ്റൈൽസ് (സേവന മേഖല) | 25 ലക്ഷം | 500 | 1000 | 500 |
| 92 | സുജിത്ത് എ | 2/76 | ജോയ്സി ട്രേഡിംഗ് കമ്പനി (സേവന മേഖല) | 18 ലക്ഷം | 500 | 1000 | 500 |
| 93 | പി കെ നിയാസ് | 2/204 | ഉക്കാഷ് ഫർണിച്ചർ (സേവന മേഖല) | 12 ലക്ഷം | 300 | 1000 | 700 |
| 103 | പള്ളിക്കലകത്ത് മുസ്തഫ | 3/281 | മുസ്തഫ ടിമ്പേർസ് (സേവന മേഖല) | 18 ലക്ഷം | 300 | 1000 | 700 |
| 126 | ചിമ്മിണിയൻ പ്രകാശൻ | 10/222 | ജെ എം എസ് പ്രിന്റേർസ് (സേവന മേഖല) | 20 ലക്ഷം | 300 | 1000 | 700 |
| 134 | സയിദ് സൂഫിയാൻ | 10/201 | എസ് ആർ ഫാർമസി (സേവന മേഖല) | 20 ലക്ഷം | 500 | 1000 | 500 |
| 142 | കെ എൻ ഹാരിസ് | 2/268 | ഹാർഡ് വെയർ, പെയിന്റ് വിൽപന (സേവന മേഖല) | 12 ലക്ഷം | 500 | 1000 | 500 |
| 153 | കെ സി ഷഹീർ | 12/109 | മോർ വിനീർസ് (സേവന മേഖല) | 18 ലക്ഷം | 500 | 1000 | 500 |
| 159 | പ്രഭാകരൻ കെ | 8/43,44 | ഐഡിയൽ മോട്ടോർസ് (സേവന മേഖല) | 28 ലക്ഷം | 500 | 1000 | 500 |
| 161 | കെ പി സന്തോഷ് | 9/152, 153 | പെട്രോൾ പമ്പ് (സേവന മേഖല) | 1 കോടി | 4000 | 5000 | 1000 |
| 162 | - | 9/204-211, 10/137-137 E | അഗ്രീൻകോ ഫൈബർ ഫോം ലിമിറ്റഡ് (ഉൽപാദന മേഖല) | 5 കോടി | 4000 | 5000 | 1000 |
| 223 | അബ്ദുള്ള എസ് എ | 2/203 | ഹോം കെയർ വാട്ടർ പ്രൂഫ് (സേവന മേഖല) | 30 ലക്ഷം | 500 | 1000 | 500 |
| 233 | ബിനീഷ് ചന്ദ്രൻ | 9/49 | വാളാർ മെഡ് ടെക് പ്രൈവറ്റ് ലിമിറ്റഡ് (സേവന മേഖല) | 75 ലക്ഷം | 2000 | 5000 | 3000 |
| 237 | ഉമ്മർ ഫാറൂക്ക് കെ | 2/25 A,B,C | മെട്രോ സൈക്കിൾസ് (സേവന മേഖല) | 25 ലക്ഷം | 500 | 1000 | 500 |
| 517 | സനീഷ് തോമസ് | 12/640 | എസ് ബി ഓട്ടോമൊബൈൽസ് (സേവന മേഖല) | 4 ലക്ഷം | 300 | 400 | 100 |
| ആകെ | | | | | | | 22,700 |

ഇത് സംബന്ധിച്ച് 19/15.11.2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കുറവ് വന്ന തുകകൾ ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-17 മോട്ടോർ റണ്ണിങ് ഫീസ് ഈടാക്കിയതിലെ അപാകതകൾ

വളപട്ടണം ഗ്രാമ പഞ്ചായത്തിലെ 2021-22 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം ചുവടെ ചേർത്ത സ്ഥാപനങ്ങളിൽ നിന്നും മോട്ടോർ റണ്ണിങ് ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | സംരംഭം | കെട്ടിട നമ്പർ | ഉപയോഗിക്കുന്ന മോട്ടോറിന്റെ പവർ | ഈടാക്കേണ്ടിയിരുന്ന മോട്ടോർ റണ്ണിങ് ഫീസ് |
|---|---|---|---|---|---|---|
| 1 | 6 | കെ കെ മനോജ് | ശ്രീ ഐശ്വര്യ പോളി സാക്സ് | 9/139,140 | 4.5 HP | 50 |
| 2 | 14 | എ ഇസഹാക്ക് | സൂപ്പർ വുഡ് ഇൻഡസ്ട്രീസ് | 10/174 | 16 HP | 200 |
| 3 | 26 | ടി പി ഹനീഫ | പ്രൈം വിനിയർസ് ലിമിറ്റഡ് | 1/186 | 206 HP | 2060 |
| 4 | 29 | വി പി ജാവിദ് | വുഡ് വിനിയർസ് | 1/181 | 85 HP | 1000 |

| | | | | | | |
|---|---|---|---|---|---|---|
| 5 | 30 | ടി പി ഹനീഫ | പെർഫക്ട് ബോർഡ് & ഡോർസ് | 1/183 | 98.5 HP | 1000 |
| 6 | 32 | കെ എം അഫ്സൽ | അഫ്സൽ പ്രിന്റിംഗ് പ്രസ് | 3/195 | 3 HP | 50 |
| 7 | 41 | അബ്ദു റഹീം പി | ഹലീമ ട്ടൂൾസ് | 3/91 | 5 HP | 50 |
| 8 | 43 | മുസ്തഫ ടി പി | മുഹമ്മദ് ഫ്ലവർ മിൽ | 10/4,5 | 10 HP | 100 |
| 9 | 45 | സി പി ജാവേദ് | വുഡ് ബോർഡ് | 5/208 | 348 HP | 3480 |
| 10 | 46 | സി പി ജാവേദ് | വുഡ് ലാൻഡ് ബോർഡ് & പ്രൈവറ്റ് ലിമിറ്റ് | 5/209 | 170 HP | 2000 |
| 11 | 49 | സി പി ജാവേദ് | വുഡ് ബോർഡ് | 5/210 | 85 HP | 1000 |
| 12 | 62 | നിഷിൽ പി | കാനന്നൂർ ടയർ റീ ത്രുഡിംഗ് | 8/15 | 5 HP | 50 |
| 13 | 77 | ആസാദ് എൻ സി | അമാന റൈസ് & ഫ്ലോർ മിൽ | 5/210 | 10 HP | 100 |
| 14 | 95 | പി കെ ഹംസ | മലബാർ ഫ്ലോർ മിൽ | 3/148 | 15 HP | 200 |
| 15 | 104 | - | നവ ചൈതന്യ കുടുംബശ്രീ ഫ്ലോർ മിൽ | 3/136 | 10 HP | 100 |
| 16 | 126 | ചിമ്മിനിയൻ പ്രകാശൻ | ജെ എം എസ് പ്രിന്റേർസ് | 10/222 | 2 HP | 50 |
| 17 | 146 | കെ കമലം | കമല മിൽസ് | 2/203 | 5 HP | 50 |
| 18 | 157 | ഷംഹാസ് കെ | ഡക്കോർ ഡിസൈൻസ് | 3/165 | 10 HP | 100 |
| 19 | 161 | - | അഗ്രീൻകോ ഫൈബർ ഫോം പ്രൈവറ്റ് ലിമിറ്റഡ് | 9/204-211, 10/137-137E | 215 HP | 2150 |
| 20 | 207 | ഹാരിസ് ടി പി | നൈസ് ഫ്ലവർ മിൽ | 12/119 | 17.5 HP | 200 |
| 21 | 229 | കക്കറയിൽ ബാലൻ | സ്റ്റാൻഡേർഡ് എഞ്ചിനീയറിംഗ് വർക്ക്സ് | 2/465 | 5 HP | 50 |
| 22 | 241 | സുഹൈൽ ഒ സി | എവർ ഷൈൻ എഞ്ചിനീയറിംഗ് വർക്ക്സ് | 10/26 C | 3 HP | 50 |
| 23 | 288 | യഹിയ എം ടി പി | മാസ്റ്റർ അലൂമിനിയം ഫാബ്രിക്കേഷൻസ് | 3/168 | 3 HP | 50 |
| | ആകെ | | | | | 14140 |

ഇത് സംബന്ധിച്ച് 18/15.11.2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കുറവ് വന്ന തുകകൾ ഈടാക്കി അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-18 ഇ-ടെണ്ടർ ഫീ - ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിക്കാനുള്ള മുഴുവൻ തുകയും ലഭിച്ചിട്ടില്ല

ഇ-ടെണ്ടർ ഫീ, ഇ.എം.ഡി എന്നിവ ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിന് 28-9-2013 ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്നും ഗ്രാമ പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വിവരം ലഭ്യമാക്കുന്നതിന് 14/14-11-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 2015-16 മുതൽ 2017-18 വരെയുള്ള ടെണ്ടർ ഫീ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്നും ലഭിച്ചിട്ടുണ്ടെന്നും 2018-19 മുതൽ 2021-22 വരെയുള്ള ഇ-ടെണ്ടർ ഫീ ₹84,478 ഗ്രാമ പഞ്ചായത്തിന് ലഭിക്കാൻ ബാക്കിയുണ്ടെന്നുമാണ് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയത്. ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്നും ലഭിക്കാനുള്ള തുകയുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വർഷം | തുക ₹ |
|---|---|---|
| 1 | 2018-19 | 18928 |
| 2 | 2019-20 | 19866 |
| 3 | 2020-21 | 13322 |
| 4 | 2021-22 | 32362 |
| | ആകെ | 84478 |

## 1-19 വീട് വാസയോഗ്യമാക്കൽ പദ്ധതി - കെട്ടിടങ്ങളുടെ കൈമാറ്റ വിവരം അറിയിക്കാത്തത്

വി.ഇ.ഒ വളപട്ടണം നിർവ്വഹണോദ്യോഗസ്ഥയായ വീട് വാസയോഗ്യമാക്കൽ പദ്ധതികളുടെ ഭാഗമായി 3 ഗുണഭോക്താക്കൾക്ക് തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയ പ്രകാരം ഈ വീടുകളുടെ ഉടമകൾ പ്രസ്തുത ഗുണഭോക്താക്കളല്ല. സഞ്ചയ പ്രകാരമുള്ള കെട്ടിട ഉടമകളുടെ അവകാശികൾക്കാണ് പദ്ധതിയുടെ ഭാഗമായി തുക അനുവദിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | സഞ്ചയ പ്രകാരം ഉടമ | പദ്ധതി പ്രകാരം തുക അനുവദിച്ച വ്യക്തി |
|---|---|---|---|
| 1 | 8/29 | രാമൻ കെ | ജിജു ചാലപ്രത്ത് (മകൻ) |
| 2 | 9/228 | മരുത്ത് പറമ്പിൽ സതി | മീര എം വി (മകൾ) |
| 3 | 7/79 | പുതിയ വീട്ടിൽ ലക്ഷ്മി | ഗീത എം (മകൾ) |

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 22 പ്രകാരം കെട്ടിടങ്ങൾ കൈമാറ്റം ചെയ്താൽ 3 മാസത്തിനകവും കെട്ടിട ഉടമ മരണപ്പെട്ടാൽ 1 വർഷത്തിനകവും വിവരം സെക്രട്ടറിയെ അറിയിക്കേണ്ടതും വീഴ്ച വരുത്തിയാൽ ₹500 വരെ പിഴ ചുമത്താവുന്നതുമാണ്. ഇത് സംബന്ധിച്ച് 20/15.11.2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി മേൽ പട്ടികയിൽ പരാമർശിച്ച കെട്ടിടങ്ങളുടെ കൈമാറ്റ വിവരം സംബന്ധിച്ച വിശദാംശങ്ങൾ ഗ്രാമ പഞ്ചായത്തിൽ ലഭ്യമല്ലെന്നാണ് അറിയിച്ചിട്ടുള്ളത്. ആയതിനാൽ ചട്ട പ്രകാരമുള്ള പിഴ തുക ഈടാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-20 സർക്കാർ ഉത്തരവ് പാലിക്കാതെ ആർജിതാവധി സറണ്ടർ അനുവദിച്ചു

ജി.ഒ.(പി) 152/2020/ഫിൻ തീയതി 05-11-2020 പ്രകാരം ജീവനക്കാരുടെ ലീവ് സറണ്ടർ ആനുകൂല്യം 01-06-2021 വരെ അനുവദിക്കുകയില്ല എന്ന് പരാമർശിച്ചിട്ടുണ്ട്. എന്നാൽ ജി.ഒ.(പി) 104/2021/ഫിൻ തീയതി 26-07-2021 പ്രകാരം 01-06-2021 തീയതി മുതൽ പ്രാബല്യത്തിൽ സറണ്ടർ ആനുകൂല്യം അനുവദിക്കുന്നത് 6 മാസത്തേക്ക് കൂടി ദീർഘിപ്പിച്ചിട്ടുണ്ട്. ആയത് പരിഗണിക്കാതെ താഴെ പറയുന്ന ജീവനക്കാർക്ക് ലീവ് സറണ്ടർ ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പേര് /ഉദ്യോഗപേര് | വൗച്ചർ നമ്പർ തീയതി തുക | അനുവദിച്ച തുക |
|---|---|---|---|
| 1 | പ്രീജിത്ത്.എൻ,സെക്രട്ടറി | 22100194/09-06-2021 | 75924 |
| 2 | രാജൻ.പി.പി,അക്കൗണ്ടന്റ് | 22100195/09-06-2021 | 57054 |
| 3 | കൃഷ്ണദിവെ പൂത്തായി,സീനിയർ ക്ലർക്ക് | 22100195/09-06-2021 | 43623 |
| 4 | പ്രവീൺ.പി.എസ്, ക്ലർക്ക് | 22100195/09-06-2021 | 31909 |

സർക്കാറിൽ നിന്ന് വ്യക്തമായ നിർദ്ദേശം ലഭിക്കുന്നതിന് മുൻപ് സർക്കാർ ഉത്തരവിന് അനുസൃതമായല്ലാതെ ലീവ് സറണ്ടർ ആനുകൂല്യം നല്കിയതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് 27/16-11-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 01-06-2021 മുതൽ 26-07-2021 തീയതി വരെയുള്ള കാലയളവിൽ ലീവ് സറണ്ടർ ആനുകൂല്യം അനുവദിക്കരുതെന്ന ഉത്തരവ് പ്രാബല്യത്തിൽ ഇല്ലാത്തതിനാലാണ് ആനുകൂല്യം അനുവദിച്ചതെന്ന മറുപടിയാണ് നൽകിയത്. 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതുമായി ട്രഷറി വകുപ്പ് ഡയറക്ടറുടെ 31.05.2021ലെ കത്ത് നമ്പർ TRY/1850/2021-E1 പ്രകാരം വിവരിച്ചിട്ടുണ്ട്. ഇതു പ്രകാരം ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ പുതുക്കിയ നിർദ്ദേശങ്ങൾ ലഭിച്ചതിനുശേഷം മാത്രമേ സംസ്ഥാന സർക്കാർ ജീവനക്കാർ ജീവനക്കാരുടെ സറണ്ടർ ബില്ലുകൾ പരിഗണിക്കേണ്ടതുള്ളൂ എന്ന നിർദ്ദേശം ഉണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിച്ചിട്ടില്ല. മേൽ നിർദ്ദേശത്തിന് വിരുദ്ധമായി ആനുകൂല്യം അനുവദിച്ചതിന് വ്യക്തത വരുത്തേണ്ടതാണ്.

## 1-21 മരണശേഷവും പെൻഷൻ തുക അനുവദിച്ചു

ഗ്രാമ പഞ്ചായത്തിലെ മരണ രജിസ്റ്റർ പ്രകാരം 2021-22 സാമ്പത്തിക വർഷം ഈ പഞ്ചായത്തിൽ മരണം രജിസ്റ്റർ

ചെയ്തിട്ടുള്ളതും ക്ഷേമ പെൻഷൻ കൈപ്പറ്റിവന്നിരുന്നതുമായ ഏതാനും വ്യക്തികളുടെ വിവരങ്ങൾ സേവന വെബ്സൈറ്റിൽ പരിശോധിച്ചപ്പോൾ ഏതാനും ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് മരണശേഷവും പെൻഷൻ തുക നിക്ഷേപിച്ചിട്ടുണ്ടെന്ന് കാണാൻ സാധിച്ചു. ഇത് സംബന്ധിച്ച് 10/14.11.2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഓഡിറ്റ് എൻക്വയറിയിലെ പട്ടികയിൽ പരാമർശിച്ച ചില ഗുണഭോക്താക്കൾക്ക് അധികമായി അനുവദിച്ച തുക തിരികെ ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. തുക തിരികെ ഒടുക്കാൻ ബാക്കിയുള്ള ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | പെൻഷൻ ഐ ഡി | പെൻഷൻ ഇനം | മരണപ്പെട്ട തീയതി | റിമാർക്ക്സ് | അധികം അനുവദിച്ച തുക |
|---|---|---|---|---|---|---|
| 1 | ഖദീജ പി ബി | 111340200336 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 05/12/2021 | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2022 ജനുവരി മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. | 1,600 |
| 2 | മുഹമ്മദലി | 111340200186 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 26/12/2021 | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2022 ജനുവരി മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. | 1,600 |
| ആകെ | | | | | | 3200 |

മരണശേഷം അനുവദിച്ച മേൽ പെൻഷൻ തുക ബാങ്കിൽ നിന്നോ, അക്കൗണ്ടിലെ തുക അവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ തിരികെ ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-22 ഗാർഹിക റിംഗ് കമ്പോസ്റ്റ്-ഗുണഭോക്തൃ വിഹിതം തനത് ഫണ്ടിൽത്തന്നെ നിലനിൽക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| പ്രൊജക്ട് നമ്പർ / പേര് | 149/22 ഗാർഹിക റിംഗ് കമ്പോസ്റ്റ് |
| അടങ്കൽ | ₹4,50,000 വികസന ഫണ്ട് - ധനകാര്യ കമ്മീഷൻ അവാർഡ്<br>₹50,000 ഗുണഭോക്തൃ വിഹിതം<br>ആകെ : ₹5,00,000 |
| ചെലവ് | ₹2,38,680 വികസന ഫണ്ട് - ധനകാര്യ കമ്മീഷൻ അവാർഡ് |
| ബിൽ നമ്പർ/തിയതി | 265/22-3-2022 |

ഗാർഹിക തലത്തിൽ മാലിന്യ സംസ്കരണം, ശുചിത്വം എന്നിവ ഉറപ്പുവരുത്തുന്നതിനായി റിംഗ് കമ്പോസ്റ്റ് യൂണിറ്റ് ഗുണഭോക്തൃ വിഹിതം അടച്ച കുടുംബങ്ങൾക്ക് ലഭ്യമാക്കുന്നതിനാണ് മേൽ പ്രൊജക്ട്. ഓഡിറ്റ് വർഷം മത്സരാധിഷ്ഠിത ടെൻഡർ നടപടികളിലൂടെ ഹരിത റിംഗ് കമ്പോസ്റ്റ് ഇൻഡസ്ട്രീസ്, പൂവം എന്ന സ്ഥാപനത്തിൽ നിന്നും ₹2340 വിലയുള്ള 102 റിംഗ് കമ്പോസ്റ്റ് യൂണിറ്റുകൾ വാങ്ങിയിട്ടുണ്ട്. (ഇൻവോയ്സ് നം 105/21-3-2022). സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ) നം.22/2018/തസ്വഭവ തി:14.2.18പ്രകാരം യൂണിറ്റ് കോസ്റ്റിന്റെ 10% ഗുണഭോക്തൃ വിഹിതം ആണ്. 102

ഗുണഭോക്താക്കളിൽ നിന്നായി യൂണിറ്റ് കോസ്റ്റിന്റെ 10% തുകയായ ₹234 വീതം ₹23868 പിരിച്ച് തനത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ 102 യൂണിറ്റുകളുടെ വിലയായി ഹരിത റിംഗ് കമ്പോസ്റ്റ് ഇൻഡസ്ട്രീസ്, പൂവ്വം എന്ന സ്ഥാപനത്തിന് നൽകിയ ₹2,38,680 മുഴുവനായും ധനകാര്യ കമ്മീഷൻ അവാർഡിൽ നിന്നാണ് നൽകിയിരിക്കുന്നത്. 10% തുകയായ ₹23868 തനതു ഫണ്ടിൻ നിന്നും ഗുണഭോക്തൃ വിഹിതമായി അനുവദിക്കാതെ ധനകാര്യ കമ്മീഷൻ അവാർഡിൽ നിന്നു മുഴുവനായും നൽകിയതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(7/11.11.22) ടെണ്ടർ തുക ഉദ്ദേശിച്ചതിലും കുറഞ്ഞതിനാലും ധനകാര്യ കമ്മീഷൻ ഗ്രാന്റ് 50% എങ്കിലും ചെലവാക്കിയാൽ മാത്രമേ അടുത്ത വർഷത്തെ ഗ്രാന്റ് അനുവദിക്കൂ എന്ന നിർദ്ദേശം ലഭിച്ചതിനാലുമാണ് മുഴുവൻ തുകയും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്ന് അനുവദിച്ചത് എന്നും മേൽ പ്രൊജക്ട് സ്പിൽ ഓവറായി 2022-23 വർഷം തുടരുന്നതിനാൽ ₹23868 ന് ആനുപാതികമായ തുക ധനകാര്യ കമ്മീഷൻ അവാർഡിൽ നിന്ന് അനുവദിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. മേൽ അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - കെൽട്രോണിന് ₹3832 അധികം നൽകി

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/ പേര് | 139/22<br>പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും<br>അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ | ₹160000 തനത് ഫണ്ട് |
| ചെലവ് | ₹99612 വൌച്ചർ നമ്പർ : 22100757/23-12-2021<br>₹11223 വൌച്ചർ നമ്പർ : 22101249/30-03-2022<br>ആകെ : ₹110835 |

ഗ്രാമ പഞ്ചായത്തിന്റെ സുഗമമായ പ്രവർത്തനത്തിന് 2 കമ്പ്യൂട്ടറും 2 പ്രിന്ററും വാങ്ങുന്നതിന് വേണ്ടിയുള്ളതാണ് മേൽ പ്രൊജക്ട്. പ്രഫോർമ ഇൻവോയ്സ് നമ്പർ 32512/04-12-2021 പ്രകാരം പ്രിന്റർ വാങ്ങുന്നതിന് ₹20018 യും പ്രഫോർമ ഇൻവോയ്സ് നമ്പർ 32473/02-12-2021 പ്രകാരം ഡെസ്ക്ക് ടോപ് കമ്പ്യൂട്ടർ(2 എണ്ണം) വാങ്ങുന്നതിന് ₹79594 യും ഉൾപ്പെടെ ആകെ ₹99612 യാണ് വൗച്ചർ നമ്പർ 22100757/23-12-2021 പ്രകാരം ഐ.ടി മിഷന് നൽകിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങളുണ്ട്.

1. ടാക്സ് ഇൻവോയ്സ് നമ്പർ 5385/21-22/18-01-2022 പ്രകാരം ₹19248 യുടെ പ്രിന്ററാണ് ലഭിച്ചത്. ₹770(20018-19248) അധികം നൽകിയിട്ടുണ്ട്.
2. ടാക്സ് ഇൻവോയ്സ് നമ്പർ 22004654/19-04-2022 പ്രകാരം ₹76532 യ്ക്കാണ് കമ്പ്യൂട്ടറുകൾ ലഭിച്ചിട്ടുള്ളത്. ₹3062 (79594-76532) അധികം നൽകിയിട്ടുണ്ട്.

ഇപ്രകാരം ₹3832 (3062+770) അധികം നൽകിയതിന് വ്യക്തത വരുത്തുവാൻ ആവശ്യപ്പെട്ട് 1/10-11-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടി മേൽ ചൂണ്ടികാട്ടിയ അപാകങ്ങളുടെ അടിസ്ഥാനത്തിൽ അംഗീകരിക്കുന്നില്ല. അധികം നൽകിയ ₹3832 ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 തെങ്ങിന് ജൈവ-രാസവളം,കുമ്മായം വിതരണം-ഗുണഭോക്താവ് ബിൽ ലഭ്യമാക്കാത്ത ഇനത്തിന് സബ്സിഡി തുക അനുവദിച്ചു-₹2497യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രൊജക്ട് നമ്പർ /പേര് | 7/22 തെങ്ങിന് ജൈവ-രാസവളം,കുമ്മായം വിതരണം |
| അടങ്കൽ | ₹1,27,719 വികസന ഫണ്ട്-പൊതു വിഭാഗം<br>₹51,900 ഗുണഭോക്തൃ വിഹിതം<br>ആകെ 1,79,619 |
| ചെലവ് | ₹96,256 ബിൽ നമ്പർ/തിയതി : 102/21-22/29.11.21<br>₹31,463 ബിൽ നമ്പർ/തിയതി : 179/21-22/16.2.22<br>₹ 51,900 ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിച്ചത്<br>ആകെ : ₹ 1,79,619 |

ഗ്രാമ പഞ്ചായത്തിലെ തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് വേപ്പിൻ പിണ്ണാക്ക്, കടല പിണ്ണാക്ക്, ബോൺ മീൽ, ലൈം, പൊട്ടാഷ് എന്നിവ വാങ്ങുന്നതിന് സബ്ഡിഡി അനുവദിക്കുന്നതിനാണ് മേൽ പ്രൊജക്ട്. സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ) നം.22/2018/തസ്വഭവ തി:14.2.18 ഖ.6.1.1 പ്രകാരം ജൈവവളങ്ങൾക്ക് 75% രാസവളങ്ങൾക്ക് 50%

എന്നിങ്ങനെയാണ് പരമാവധി സബ്സിഡി. ഗുണഭോക്താവിനുള്ള തെങ്ങിന്റെ എണ്ണത്തിന് ആനുപാതികമായാണ് സബ്സിഡി അനുവദിച്ചിരിക്കുന്നത്. ഒരു തെങ്ങിന് ജൈവവളങ്ങൾക്ക് ₹188 (3kg വേപ്പിൻ പിണ്ണാക്ക്-₹20/kg, 3kg കടല പിണ്ണാക്ക്-₹35/kg, 1.5 Kg ബോൺ മീൽ -₹1.5/kg), പൊട്ടാഷിന് ₹9 (1 Kg), ലൈമിന് ₹11 (1 Kg) എന്നീ നിരക്കിലാണ് സബ്സിഡി നൽകിയിക്കുന്നത്. ആകെ 85 ഗുണഭോക്താക്കൾക്കാണ് സബ്സിഡി നൽകിയിട്ടുള്ളത്. ഗുണഭോക്താവ് ലഭ്യമാക്കിയ കാഷ് ബില്ലിൽ നിന്നാണ് ഏതൊക്കെ ഇനം വളങ്ങൾ വാങ്ങിയെന്നും എത്ര അളവ് വാങ്ങിയെന്നുമുള്ള വിവരം ലഭ്യമായിരിക്കുന്നത്. സബ്സിഡി നിർണ്ണയ സ്റ്റേറ്റ്മെന്റ്, ഗുണഭോക്താക്കളുടെ അപേക്ഷ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെക്കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾ ചില ഇനം വളങ്ങൾ വാങ്ങിയതിന്റെ ബിൽ ഹാജരാക്കിയിട്ടില്ലെങ്കിലും അവർക്ക് അതിന്റെ കൂടി സബ്സിഡിതുകയാണ് അനുവദിച്ചിട്ടുള്ളത്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | വാർഡ് നമ്പർ | വാങ്ങാത്ത വളത്തിന്റെ ഇനം | സബ്സിഡി തുക അധികം അനുവദിച്ചത് (₹) |
|---|---|---|---|---|
| 1 | ഫത്തിബി കെ | 1 | പൊട്ടാഷ് | 90 |
| 2 | സൈബുന്നീസ കെ ഷർബീന | 1 | ബോൺ മീൽ,പൊട്ടാഷ് | 60 |
| 3 | രഹന ബീവി | 11 | കടലപ്പിണ്ണാക്ക് | 840 |
| 4 | അരവിന്ദൻ കെ.പി. | 4 | ബോൺ മീൽ | 27 |
| 5 | ഹഫ്സത്ത് കെ.പി. | 5 | 6 Kg കടലപ്പിണ്ണാക്ക് (24kg വാങ്ങിയതിന്റെ ബിൽ ഉണ്ട്. 30kg ന് സബ്സിഡി നൽകി) | 210 |
| 6 | മുല്ലബി കാസിം | 8 | 13kg കടലപ്പിണ്ണാക്ക് (17kg വാങ്ങിയതിന്റെ ബിൽ ഉണ്ട്. 30kg ന് സബ്സിഡി നൽകി) | 455 |
| 7 | ജീജാ ബായി മൂട്ടമ്മൽ | 8 | 10kg കടലപ്പിണ്ണാക്ക് (20kg വാങ്ങിയതിന്റെ ബിൽ ഉണ്ട്. 30kg ന് സബ്സിഡി നൽകി), ബോൺ മീൽ | 380 |
| 8 | കെ.വി ശ്രീമതി | 9 | പൊട്ടാഷ് | 27 |
| 9 | എസ്.പി.നസീമ | 13 | 15kg കടലപ്പിണ്ണാക്ക് (15kg വാങ്ങിയതിന്റെ ബിൽ ഉണ്ട്. 30kg ന് സബ്സിഡി നൽകി) പൊട്ടാഷ് | 390 |
| 10 | സമീല സബിക് | 10 | പൊട്ടാഷ് | 18 |

| | | |
|---|---|---|
| | ആകെ | 2497 |

ബിൽ ലഭ്യമാക്കാത്ത ഇനത്തിനും സബ്ഡിഡി അനുവദിച്ചതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് 21/15.11.22 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സബ്സിഡി അനുവദിക്കുന്നതിന് മുൻപ് പ്രസ്തുത വളങ്ങൾ വാങ്ങി ഉപയോഗിച്ചതായി ഉറപ്പുവരുത്തിയിട്ടുണ്ടെന്നും ഡേറ്റാ എൻട്രിയിൽ പറ്റിയ പിഴവ് കാരണം ആയത് രേഖപ്പെടുത്താൻ വിട്ടുപോയതാണെന്നും മറുപടി നൽകിയിട്ടുണ്ട്.എന്നാൽ ആയത് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ₹2497 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മേൽ സബ്സിഡി തുകയ്ക്ക് ആനുപാതികമായ വളങ്ങൾ വാങ്ങിയതിന്റെ ബിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-25 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - ₹123584 യുടെ മരുന്ന് ലഭ്യമായിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ഹോമിയോ |
| പ്രൊജക്റ്റ് നമ്പർ / പേര് | 86/22 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹2,09,430 മെയിന്റനൻസ് ഫണ്ട് – നോൺ റോഡ് |
| ചെലവ് | ₹2,09,430 ബിൽ നമ്പർ /തിയതി : 111/15-12-2021 |

മേൽ പ്രൊജക്റ്റ് പ്രകാരം വളപട്ടണം ഗ്രാമ പഞ്ചായത്തിലെ ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറിക്ക് ആവശ്യമായ മരുന്നു വാങ്ങുന്നതിന് ₹2,09,430 (പ്രൊഫോർമാ ഇൻവോയ്സ് നം.PF-1106/3-12-2021 ) അലപ്പുഴയിലെ ഹോംകോയ്ക്ക് മുൻകൂർ നൽകിയിട്ടുണ്ട്. ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നുള്ള നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. നാളിതുവരെയായി ₹85,846 യുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. (ഇൻവോയ്സ് നം.LF-2875/30.3.22). ₹1,23,584 യുടെ മരുന്നുകൾ ഒരുവർഷത്തോളമായിട്ടും ലഭ്യമാകാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് 8/11.11.2022 പ്രകാരം നൽകിയ എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനായി ഇലക്ട്രിക്ക് ലൈൻ വലിക്കൽ -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

13-ാം വാർഡിൽ ലൈൻ വലിച്ച് തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനായി ഡെപ്പോസിറ്റ് പ്രവൃത്തിയിനത്തിൽ വൗച്ചർ നമ്പർ 22100064/21-04-2021 പ്രകാരം ₹86075 അഴീക്കോട് കെ.എസ്.ഇ.ബി സെക്ഷന് നൽകിയിട്ടുണ്ട്. എന്നാൽ തുക വിനിയോഗിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഈ ചെലവ് ചെയ്യുന്നതിന് പ്രൊജക്റ്റ് തയ്യാറാക്കി അംഗീകാരം ലഭിച്ചതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് 9/11-11-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-27 കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം അടവാക്കൽ - സംയുക്ത പരിശോധനാ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ / പേര് | 22/22<br>കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം അടവാക്കൽ |
| അടങ്കൽ | ₹420000 മെയിന്റനൻസ് ഗ്രാന്റ് – നോൺ റോഡ് |
| ചെലവ് | ₹368907 |

73 പൊതു ടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നതിന് പ്രതിമാസം ₹33537 നിരക്കിൽ ( ടാപ്പൊന്നിന് 5053.50 രൂപ/വർഷം നിരക്കിൽ) 11 മാസത്തെ തുക കേരള വാട്ടർ അതോറിറ്റിക്ക് നൽകുന്നതിനാണ് ₹368907 ചെലവഴിച്ചിട്ടുള്ളത്. ഈ പ്രോജക്റ്റ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ വെള്ളക്കരം തന്നെയാണോ ഒടുക്ക് വരുത്തുന്നതെന്ന് പരിശോധിക്കുവാൻ വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തിയതിന്റെ റിപ്പോർട്ട്, പൊതു ടാപ്പുകൾക്ക് മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ 23/15-11-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-28 തെരുവ് വിളക്കിനായി ഇലക്ട്രിക്ക് ലൈൻ വലിക്കൽ പട്ടികജാതി സങ്കേതം - വിനിയോഗ വിവരം ലഭ്യമല്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ / പേര് | 168/22<br>തെരുവ് വിളക്കിനായി ഇലക്ട്രിക്ക് ലൈൻ<br>വലിക്കൽ - പട്ടികജാതി സങ്കേതം |
| അടങ്കൽ | ₹ 31,742 വികസന ഫണ്ട് - എസ്.സി.പി |
| ചെലവ് | ₹ 31,742 ബിൽ നമ്പർ / തീയതി : 268/23-03-2022 |

8-ാം വാർഡിലെ പി.ഡബ്ല്യൂ.ഡി റോഡ് വണ്ണാൻ ഹൗസ് രാമൻ മൂപ്പൻ പാറ (സി.പി ജയൻ വീട് മുതൽ ശ്രീജിത്ത് എം.കെ വീട് വരെ) തെരുവ് വിളക്കിനായി ഇലക്ട്രിക്കൽ ലൈൻ വലിക്കുന്നതിനായി കെ.എസ്.ഇ.ബി വളപട്ടണം സെക്ഷന് നൽകുന്നതിനാണ് തുക ചെലവഴിച്ചത്. എന്നാൽ തുക വിനിയോഗിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നതിന് 5/10-11-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മുഴുവൻ തുകയും വിനിയോഗിച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-29 തെരുവ് വിളക്കിനായി ഇലക്ട്രിക്ക് ലൈൻ വലിക്കൽ - വിനിയോഗ വിവരം ലഭ്യമല്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ / പേര് | 20/22 തെരുവ് വിളക്കിനായി ഇലക്ട്രിക്ക് ലൈൻ വലിക്കൽ |
| അടങ്കൽ | ₹ 3,63,000 തനത് ഫണ്ട് |
| ചെലവ് | ₹ 3,33,598 വൗച്ചർ നമ്പർ / തീയതി : 22101032/18-02-2022 |

തെരുവ് വിളക്കിനായി ഇലക്ട്രിക്കൽ ലൈൻ വലിക്കുന്നതിനായി കെ.എസ്.ഇ.ബി വളപട്ടണം സെക്ഷന്(അക്കൗണ്ട് നമ്പർ 67132443605) നൽകുന്നതിനാണ് തുക ചെലവഴിച്ചത്. എന്നാൽ തുക വിനിയോഗിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 26/16-11-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. മുഴുവൻ തുകയും വിനിയോഗിച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-30 മഴക്കാല പൂർവ്വ ശുചീകരണം - തുക വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

മഴക്കാല പൂർവ്വ ശുചീകരണത്തിനായി വൗച്ചർ നമ്പർ 22100507/28-09-2021 പ്രകാരം ₹130000 (ശുചിത്വ മിഷൻ ഫണ്ട്) പിൻവലിച്ച് എഫ്. എച്ച്. സി മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്. എന്നാൽ തുക വിനിയോഗിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് 28/16-11-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-31 ഐ കെ എം വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ / പേര് | 2/22 ഐ കെ എം വിഹിതം നൽകൽ |
| അടങ്കൽ | ₹ 28,695 വികസന ഫണ്ട് - പൊതു വിഭാഗം |
| ചെലവ് | ₹ 28,695 ബിൽ നമ്പർ / തീയതി : 63/28-0-2021 |

ഗ്രാമ പഞ്ചായത്തിന് സാങ്കേതിക സഹായം ലഭ്യമാക്കുന്നതിന് മേൽ പ്രോജക്ട് പ്രകാരം ഐ കെ എം എക്സിക്യൂട്ടീവ് ഡയറക്ടർക്ക് ₹28,695 നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ആയത് സംബന്ധിച്ച് 4/10-11-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-32 വളപട്ടണം കമ്മ്യൂണിറ്റി ടോയ് ലറ്റിന് വാട്ടർ കണക്ഷൻ നൽകൽ-തുക വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

വളപട്ടണം കമ്മ്യൂണിറ്റി ടോയിലറ്റിന് വാട്ടർ കണക്ഷൻ നൽകുന്നതിന് ഡെപ്പോസിറ്റ് പ്രവൃത്തിയിനത്തിൽ വൗച്ചർ നമ്പർ 22100077/29-04-2021 പ്രകാരം ₹15275 കേരള വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. എന്നാൽ തുക

വിനിയോഗിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നതിന് 29/16-11-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-33 ജി.ഐ.എസ് മാപ്പിംഗ് സർവ്വേ പൂർത്തിയായിട്ടില്ല - ₹277531 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/പേര് | 154/22 ജി.ഐ.എസ് മാപ്പിംഗ് സർവ്വേ |
| അടങ്കൽ | ₹590000 വികസന ഫണ്ട്-പൊതുവിഭാഗം |
| ചെലവ് | ₹176975 ബിൽ നമ്പർ : 21190152016301357150/17-03-2022<br>₹100556 ബിൽ നമ്പർ : 21190152016301471484/26-03-2022<br>ആകെ : ₹277531 |

ഡ്രോൺ സർവ്വേ നടത്തി പഞ്ചായത്തിലെ കെട്ടിടങ്ങൾ ജലാശയങ്ങൾ റോഡുകൾ മറ്റ് പ്രകൃത്യാലുള്ളതും അല്ലാത്തതുമായ വിഭവങ്ങളുടെയും നിർമ്മിതികളുടെയും സ്ഥിതി വിവരകണക്കുകൾ ശേഖരിച്ച് ഭാവിയിലുള്ള ആസൂത്രണ പ്രക്രിയ ശക്തിപ്പെടുത്തുക എന്നതാണ് പ്രൊജക്ടിന്റെ ലക്ഷ്യം. പ്രൊജക്ട് നടത്തിപ്പിനായി ഊരാളുങ്കൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് താഴെ പറയും പ്രകാരമുള്ള ഇൻവോയ്സിന്റെ അടിസ്ഥാനത്തിലാണ് തുകനൽകിയിട്ടുള്ളത്.

| ഇൻവോയ്സ് നമ്പർ/തീയതി | എണ്ണം | നിരക്ക് | ആകെ |
|---|---|---|---|
| യു.എൽ.സി/337/22-03-2022 | 2000 House Hold Survey | ₹110<br>Per House Hold | 220000 + 18%GST |

മേൽ തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1. സർവ്വേ നടത്തിയതിന്റെ രേഖകൾ.
2. പദ്ധതി നിർവ്വഹണത്തിന്റെ നിലവിലെ പുരോഗതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ എന്നിവ.
3. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 04.10.2018 തീയതിയിലെ സ.ഉ (സാധാ) നമ്പർ 2556/2018 നമ്പർ ഉത്തരവിൽ ജി.ഐ.എസ് മാപ്പിംഗ് ഐ.കെ.എം. സൂപ്പർവൈസർ ചെയ്യേണ്ടതാണെന്നും ഐ.കെ.എം. ഡവലപ് ചെയ്ത് വിന്യസിച്ചിരിക്കുന്ന ബന്ധപ്പെട്ട സോഫ്റ്റ് വെയറുകളുമായി സംയോജിപ്പിക്കാവുന്ന രീതിയിൽ വേണം ജി.ഐ.എസ് മാപ്പിംഗ് നടത്താൻ എന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരമാണോ പദ്ധതി നടപ്പിലാക്കിയതെന്നതിന്റെ വിവരം.

മേൽ പറഞ്ഞ കാര്യങ്ങൾക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി നൽകുന്നതിന് 2/10-11-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സർവ്വെ നടത്തിയ വിവരങ്ങൾ ഡിജിറ്റൽ രൂപത്തിലാക്കി പഞ്ചായത്തിന് ലഭിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സർവ്വെ നടത്തിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കാത്തതിനാൽ ₹277531 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-34 ഐ.ഇ.സി പ്രവർത്തനങ്ങൾ - ബോർഡ് സ്ഥാപിച്ചതിന്റെ രേഖ ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ / പേര് | 166/22 ഐ.ഇ.സി പ്രവർത്തനങ്ങൾ |
| അടങ്കൽ | ₹ 50000 തനത് ഫണ്ട് |
| ചെലവ് | ₹ 31000 വൗച്ചർ നമ്പർ / തീയതി : 22101035/18-02-2022 |

പ്ലാസ്റ്റിക്ക് മുക്ത ക്യാമ്പയിന്റെ ഭാഗമായി മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുന്നതിന് സുരഭി ആർട്സ്, വൻകുളത്ത് വയൽ എന്ന സ്ഥാപനത്തിന് നൽകുന്നതിനാണ് മേൽ തുക ചെലവഴിച്ചത്. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1. മുന്നറിയിപ്പ് ബോർഡുകൾ എവിടെയൊക്കെ സ്ഥാപിച്ചുവെന്നതിന്റെ വിവരം
2. മോണിറ്ററിംഗ് റിപ്പോർട്ട്

മേൽപറഞ്ഞ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് 22/15-11-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ബോർഡുകൾ സ്ഥാപിച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-35 അങ്കണവാടികളുടെ ഭൗതികസാഹചര്യങ്ങൾ - അവലോകനം

വളപട്ടണം ഗ്രാമപഞ്ചായത്ത് പരിധിയിൽ 9 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ 02.06.2017 ലെ സർക്കാർ

ഉത്തരവ് നം.1830/2017/തസ്വഭവ പ്രകാരം അംഗീകരിച്ച അഡ്മിനിസ്ട്രേഷൻ മാന്വലിലെ ഖണ്ഡിക 3.2.1, 3.2.2, 3.2.3, 3.4.2., 3.4.3. എന്നിവയിൽ അനുശാസിക്കും പ്രകാരമുള്ള സൗകര്യങ്ങൾ പ്രസ്തുത അങ്കണവാടികളിൽ ഇല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വിവരങ്ങൾ | അങ്കണവാടികളുടെ എണ്ണം | വാർഡ് നമ്പർ | അങ്കണവാടി നമ്പർ |
|---|---|---|---|---|
| 1 | സ്വന്തമായി കെട്ടിടം ഇല്ലാത്തവ | 6 | 1,3,5,7,10,13 | 89,90,94,95, 96,97 |
| 2 | വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 6 | 1,3,5,7,10,13 | 89,90,94,95, 96,97 |
| 3 | സ്വന്തമായി സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തവ | 1 | 5 | 94 |
| 4 | ഭിന്നശേഷിക്കാർക്കായി റാമ്പ് ഇല്ലാത്തവ | 9 | 1,2,3,5,6,7,10,11,13 | 89,90,91,92,93, 94,95,96,97 |
| 5 | ശിശു സൗഹൃദ പെയിന്റിംഗ് ഇല്ലാത്തവ | 9 | 1,2,3,5,6,7,10,11,13 | 89,90,91,92,93, 94,95,96,97 |
| 6 | ശിശു സൗഹൃദ ശുചിമുറി ഇല്ലാത്തവ | 7 | 1,3,5,7,10,11,13 | 89,90,92,94, 95,96,97 |
| 7 | വൈദ്യുതി ഇല്ലാത്തവ | 0 | - | - |
| 8 | സൂപ്പർവൈസറുടെ ഫോൺനമ്പറോടുകൂടിയ നെയിം ബോർഡില്ലാത്തവ | ഡിപ്പാർട്ട്മെന്റ് നിർദ്ദേശ പ്രകാരമുള്ള നെയിം ബോർഡ് എല്ലാ അങ്കണവാടികളിലും സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ നെയിം ബോർഡിൽ സൂപ്പർവൈസറുടെ ഫോൺ നമ്പർ ചേർക്കണമെന്ന് ഡിപ്പാർട്ട്മെന്റ് നിർദ്ദേശം ഇല്ലാത്തതിനാൽ ആയത് ഉൾപ്പെടുത്തിയിട്ടില്ല. | | |
| 9 | ഓരോ കുട്ടിക്കും ബേബി ചെയറും മേശയും ഇല്ലാത്തവ | 9 | 1,2,3,5,6,7,10,11,13 | 89,90,91,92,93, 94,95,96,97 |
| 10 | വാട്ടർ പ്യൂരിഫൈയർ ഇല്ലാത്തവ | 9 | 1,2,3,5,6,7,10,11,13 | 89,90,91,92,93, 94,95,96,97 |
| 11 | നോട്ടീസ് ബോർഡ് ഇല്ലാത്തവ | 6 | 1,3,5,7,10,13 | 89,90,94,95, 96,97 |
| 12 | പരാതിപ്പെട്ടി ഇല്ലാത്തവ | 9 | 1,2,3,5,6,7,10,11,13 | 89,90,91,92,93, 94,95,96,97 |

02.06.2017 ലെ സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ ഖണ്ഡിക 3.2.3 Xi ലെ നിർദ്ദേശങ്ങൾ പ്രകാരം അങ്കണവാടികളിൽ കുടിവെള്ള സൗകര്യം ലഭ്യമാക്കാനും, വർഷത്തിലൊരിക്കൽ കുടിവെള്ളം പരിശോധിക്കാനും, വർഷത്തിലൊരിക്കൽ കിണർ വൃത്തിയാക്കാനും, മാസത്തിലൊരിക്കൽ ജലസംഭരണി വൃത്തിയാക്കാനും നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 25/16.11.2022 ന് നല്കിയ മറുപടിയായി കുടിവെള്ളം പരിശോധിക്കുകയും അതിനോട് അനുബന്ധിച്ച പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലെ പ്രദേശങ്ങളിൽ ശുദ്ധജല ലഭ്യത കുറവായതിനാൽ അങ്കണവാടികളിൽ ലഭ്യമാക്കുന്ന കുടിവെള്ളത്തിന്റെ ശുദ്ധത ഉറപ്പ് വരുത്തുന്നതിനാവശ്യമായ നടപടികൾ കൃത്യമായ ഇടവേളകളിൽ കൈക്കൊള്ളേണ്ടതാണ്.

02.06.2017 ലെ സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ ഖണ്ഡിക 3.3.3.1 പ്രകാരം ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ഐ സി ഡി എസ് സൂപ്പർവൈസർ കൺവീനറായും ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), ഹെഡ്മാസ്റ്റർ (ജി.എൽ.പി.എസ്), ഒരു അങ്കണവാടി വർക്കർ, വി.ഇ.ഒ, കൃഷി ഓഫീസർ എന്നിവർ അംഗങ്ങളായും ഗ്രാമപ്പഞ്ചായത്തുതല ഐ.സി.ഡി.എസ് കോർഡിനേഷൻ കമ്മിറ്റി രൂപവത്ക്കരിക്കേണ്ടതും ഈ കമ്മിറ്റി രണ്ട് മാസത്തിലൊരിക്കൽ യോഗം ചേർന്ന് അങ്കണവാടികളുടെ പ്രവർത്തനത്തിന്റെ അവലോകനവും

മേൽനോട്ടവും നിർവ്വഹിക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 25/16.11.2022 ന് നല്കിയ മറുപടിയായി ഗ്രാമപഞ്ചായത്തിൽ പ്രസ്തുത കമ്മിറ്റി രൂപീകരിച്ചിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപ്പഞ്ചായത്തുതല ഐ.സി.ഡി.എസ് കോർഡിനേഷൻ കമ്മിറ്റി രൂപവത്ക്കരിക്കാനാവശ്യമായ സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ സവിശേഷ ശ്രദ്ധ പുലർത്തേണ്ടതാണ്.

02.06.2017 ലെ സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ ഖണ്ഡിക 3.3.4. പ്രകാരം വാർഡ് മെമ്പർ ചെയർപേഴ്സണായും അങ്കണവാടി വർക്കർ കൺവീനറായും എ.ഡി.എസ്. ലെ രണ്ട് പേർ, ആശാവർക്കർ, സമൂഹത്തിലെ മറ്റുള്ളവർ എന്നിവരെ ചേർത്ത് അങ്കണവാടി ലെവൽ മോണിറ്ററിംഗ് ആന്റ് സപ്പോർട്ടിംഗ് കമ്മിറ്റി എല്ലാ അങ്കണവാടികളിലും രൂപീകരിക്കുകയും മാസത്തിലൊരിക്കൽ എന്ന കണക്കിൽ അവയുടെ യോഗം ചേരേണ്ടതുമാണ്. അങ്കണവാടികളുടെ കുറ്റമറ്റ പ്രവർത്തനത്തിന് ഈ കമ്മിറ്റികളുടെ പ്രവർത്തനം അത്യന്താപേക്ഷിതമാണ്. പ്രസ്തുത കമ്മറ്റിയുടെ പ്രവർത്തനം സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 25/16.11.2022 ന് നല്കിയ മറുപടിയായി അങ്കണവാടി ലെവൽ മോണിറ്ററിംഗ് ആന്റ് സപ്പോർട്ടിംഗ് കമ്മിറ്റിയുടെ യോഗം കൃത്യമായ ഇടവേളകളിൽ ചേരാറുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് കാലയളവിൽ എത്ര തവണ യോഗം ചേർന്നുവെന്ന് വ്യക്തമാക്കിയിട്ടില്ല. സർക്കാർ ഉത്തരവനുസരിച്ച് അങ്കണവാടി ലെവൽ മോണിറ്ററിംഗ് ആന്റ് സപ്പോർട്ടിംഗ് കമ്മിറ്റി മാസത്തിലൊരിക്കൽ യോഗം ചേരാൻ ആവശ്യമായ നടപടികൾ വാർഡ് മെമ്പർ, അങ്കണവാടി വർക്കർ എന്നിവർ സ്വീകരിക്കേണ്ടതും ഐ സി ഡി എസ് സൂപ്പർവൈസർ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ ഈ യോഗങ്ങൾ കൃത്യമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

ഗ്രാമപഞ്ചായത്ത് പരിധിയിലെ അങ്കണവാടികളെല്ലാം തന്നെ സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങളും ഭൗതിക സാഹചര്യങ്ങളും ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്. സ്വന്തമായ കെട്ടിടം, ശിശു സൗഹൃദ പെയിന്റിങ്, ശിശു സൗഹൃദ ശുചിമുറി, വാട്ടർ പ്യൂരിഫൈയർ, നോട്ടീസ് ബോർഡ്, പരാതിപ്പെട്ടി, ബേബി ചെയർ, മേശ മുതലായ സൗകര്യങ്ങളുടെ അഭാവവും നദീ തീര പ്രദേശമായതിനാൽ ശുദ്ധ ജല ലഭ്യത ഉൾപ്പെടെയുള്ള മറ്റ് വിഷയങ്ങളും അങ്കണവാടികളുടെ കൃത്യമായ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. മേൽ വിഷയത്തിൽ സവിശേഷ ശ്രദ്ധ പുലർത്തേണ്ടതും അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള അടിയന്തിര നടപടികൾ സമയബന്ധിതമായി കൈക്കൊള്ളേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ / തീയ്യതി |
|---|---|---|
| 2021-22 | 10-11-2022 | കെ.എസ്.എ/കെ.എൻ.ആർ/സി.5/1623/2022 തീയ്യതി – 10.02.2023 |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക ₹ | തുക ലഭിച്ച വർഷം | പദ്ധതിയുടെ നമ്പർ / പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് | 150000 | 2021-22 | 53/22<br>ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 150000 | ഇല്ല |
| 2 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 150000 | 2021-22 | 53/22<br>ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 150000 | ഇല്ല |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തി യുടെ പേര് | ബിൽ/ വൌച്ചർ നമ്പർ | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ. എസ്. ഇ. ബി | 20/22<br>തെരുവ് വിളക്കിനായി ഇലക്ട്രിക്ക് ലൈൻ വലിക്കൽ | 22101032/ 18-2-2022 | 333598 | പൂർത്തീ കരിച്ചിട്ടില്ല | പൂർത്തീ കരിച്ചിട്ടില്ല |
| കെ. എസ്. ഇ. ബി | 168/22<br>തെരുവ് വിളക്കിനായി ഇലക്ട്രിക്ക് ലൈൻ വലിക്കൽ പട്ടികജാതി സങ്കേതം | ബിൽ നമ്പർ 268/23-3-2022 | 31742 | പൂർത്തീ കരിച്ചിട്ടില്ല | പൂർത്തീ കരിച്ചിട്ടില്ല |
| കെ. എസ്. ഇ. ബി | 13-ാം വാർഡിൽ ലൈൻ വലിച്ച് തെരുവ് വിളക്ക് സ്ഥാപിക്കൽ | 22100064/ 21-4-2021 | 86075 | പൂർത്തീ കരിച്ച | ഇല്ല |
| കേരള വാട്ടർ അതോറിറ്റി | വളപട്ടണം കമ്മ്യൂണിറ്റി ടോയിലറ്റ് വാട്ടർ കണക്ഷൻ | 22100077/ 29-4-2021 | 15275 | പൂർത്തീ കരിച്ചിട്ടില്ല | പൂർത്തീ കരിച്ചിട്ടില്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| മുന്നിരിപ്പ് | 2,00,00,000 |
| തൻവർഷം നിക്ഷേപിച്ചത് | 23,31,188 |
| ആകെ | 2,23,31,188 |
| തൻവർഷം പിൻവലിച്ചത് | ഇല്ല |
| വർഷാവസാനം നീക്കിയിരിപ്പ് | 2,23,31,188 |

| ക്രമ നമ്പർ | നിക്ഷേപത്തിന്റെ വിവരം | കാലാവധി | തുക |
|---|---|---|---|
| 1 | വളപട്ടണം സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് സർട്ടിഫിക്കറ്റ് നമ്പർ 100977/26-12-2021 | 365 ദിവസം | 1,15,56,188 |
| 2 | വളപട്ടണം സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് സർട്ടിഫിക്കറ്റ് നമ്പർ 101662/16-4-2021 | 365 ദിവസം | 1,07,75,000 |
| | ആകെ | | 2,23,31,188 |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച ₹18191 യുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് / ഉദ്യോഗപ്പേര് | രശീതി നമ്പർ / തിയ്യതി |
|---|---|---|---|---|
| 2006-07 | 3-12 | 1699 | മോഹനൻ. എം. | 121220100527/9-9-2021 |
| 2020-21 | 1-30 | 1422 | അസിസ്റ്റന്റ് എഞ്ചിനീയർ | 121020100857/30-102021 |
| 2018-19 | 1-25 | 12270 | ജയശ്രീ. പി, ക്ലർക്ക് (Rtd) | 121020101070/1-12-2021 |
| 2019-20 | 1-13 | 500 | ചിറക്കൽ സർവ്വീസ് ബാങ്ക് | 121020102421/25-02-2022 |
| 2020-21 | 1-13 | 500 | ചിറക്കൽ സർവ്വീസ് ബാങ്ക് | 121020102422/25-2-2022 |
| 2019-20 | 1-13 | 900 | ചിറക്കൽ സർവ്വീസ് ബാങ്ക് | 121020102423/25-2-2022 |
| 2020-21 | 1-13 | 900 | ചിറക്കൽ സർവ്വീസ് ബാങ്ക് | 121020102424/25-2-2022 |
| | ആകെ | 18191 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2006-07 | - | 2009-10 | 2-5 | വികസന ഫണ്ടിന്റെ വിനിയോഗം | നിലനിൽക്കുന്നു |
| 2006-07 | 3-8(2) | 2009-10 | 3.8.14(1) | ആധുനിക അറവുശാലാ നിർമ്മാണം ₹24.91 | നിലനിൽക്കുന്നു |

| | | | | | |
|---|---|---|---|---|---|
| | | | | ലക്ഷം പാഴായി | |
| 2008-09 | 3-2 | 2011-12 | 2-6 | ANERT നിക്ഷേപ പ്രവൃത്തികൾ | നിലനിൽക്കുന്നു |
| 2014-15 | 2-4, 2-5 | 2016-17 | ഖ.2 | തൊഴിൽ നികുതി | നിലനിൽക്കുന്നു |
| 2019-20 | 1-30 | 2020-21 | അനുബന്ധം 2 | മെഡിക്കൽ ഓഫീസർമാരുടെ പദ്ധതികൾ | നിലനിൽക്കുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ. സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ | 106085851 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ | 103515963 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ | 36840 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ | 280028 |

ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 1-16 | 22700 | - | ശ്രീ. ഹരിദാസ്. സി. എം.,സെക്രട്ടറി |
| 1-17 | 14140 | - | ശ്രീ. ഹരിദാസ്. സി. എം.,സെക്രട്ടറി |
| ആകെ | 36840 | - | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദികളായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|
| 1-24 | 2497 | ശ്രീ. പ്രസന്നൻ. യു, കൃഷി ഓഫീസർ |
| 1-33 | 277531 | ശ്രീ. ഹരിദാസ്. സി. എം.,സെക്രട്ടറി |
| ആകെ | 280028 | |

സി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തി നും തടസ്സത്തിനും ഉത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസം

| നഷ്ടത്തിനും തടസ്സത്തിനും ഉത്തരവാദിയായ ആളുടെ പേര് | ഇപ്പോഴത്തെ ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ. പ്രസന്നൻ. യു, കൃഷി ഓഫീസർ | കൃഷി ഓഫീസർ കണ്ണപുരം | ഉക്കണ്ടിയിൽ ഹൌസ്, അമ്പലപ്പുറം, കൊവ്വപ്പുറം, പി.ഒ-ചെറുകുന്ന്, കണ്ണൂർ |
| ശ്രീ. ഹരിദാസ്. സി. എം, സെക്രട്ടറി | സെക്രട്ടറി, വളപട്ടണം ഗ്രാമ പഞ്ചായത്ത് | ചേണിച്ചേരി മൂലയിൽ, പടന്നപ്പുറം, വിളയാങ്കോട്- പി.ഒ, കണ്ണൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | നം.കെ.എസ്.എ/കെ.എൻ.ആർ/സി.5/1316/2022.തീയതി: 22-9-2022 | 5 |
| 1999-00 | നം.കെ.എസ്.എ/കെ.എൻ.ആർ/സി.5/1316/2022.തീയതി: 22-9-2022 | 2 |
| 2003-04 | നം.കെ.എസ്.എ/കെ.എൻ.ആർ/സി.5/1316/2022.തീയതി: 22-9-2022 | 1 |
| 2004-05 | നം.കെ.എസ്.എ/കെ.എൻ.ആർ/സി.5/1316/2022.തീയതി: 22-9-2022 | 1 |
| 2005-06 | നം.കെ.എസ്.എ/കെ.എൻ.ആർ/സി.5/1316/2022.തീയതി: 22-9-2022 | 2 |
| 2006-07 | നം.കെ.എസ്.എ/കെ.എൻ.ആർ/സി.5/1316/2022.തീയതി: 22-9-2022 | 6 |
| 2008-09 | നം.കെ.എസ്.എ/കെ.എൻ.ആർ/സി.5/1316/2022.തീയതി: 22-9-2022 | 2 |
| 2009-10, 2010-11, 2011-12 | നം.കെ.എസ്.എ/കെ.എൻ.ആർ/സി.5/1316/2022.തീയതി: 22-9-2022 | 2 |
| 2013-14, 2014-15 | നം.കെ.എസ്.എ/കെ.എൻ.ആർ/സി.5/1316/2022.തീയതി: 22-9-2022 | 6 |
| 2016-17 | നം.കെ.എസ്.എ/കെ.എൻ.ആർ/സി.5/1316/2022.തീയതി: 22-9-2022 | 1 |

| | | |
|---|---|---|
| 2017-18 | നം.കെ.എസ്.എ/കെ.എൻ.ആർ/സി.5/1316/2022.തീയതി: 22-9-2022 | 2 |
| 2018-19 | നം.കെ.എസ്.എ/കെ.എൻ.ആർ/സി.5/1316/2022.തീയതി: 22-9-2022 | 3 |
| 2019-20 | നം.കെ.എസ്.എ/കെ.എൻ.ആർ/സി.5/769/2021 തീയതി: 12-4-2022 | 32 |
| 2020-21 | നം.കെ.എസ്.എ/കെ.എൻ.ആർ/സി.5/770/2021 തീയതി: 17-8-2021 | 34 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂ ർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ വളപട്ടണം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ വളപട്ടണം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 4

## RECEIPT & PAYMENT STATEMENT

| For the period from 01-April-2021 to 31-March-2022 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 14280072.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1806840.00 |
| 130000000 | Rental income from Panchayat Properties | RP-3 | 0.0 |
| 140000000 | Fees & User Charges | RP-4 | 147407.00 |
| 150000000 | Sale & Hire Charges | RP-5 | 10985134.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 14430765.00 |
| 171000000 | Interest Earned | RP-9 | 382359.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 5243716.00 |
| 350000000 | Other Liabilities | RP-36 | 68291342.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 221350.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 24843.00 |
| 311000000 | Earmarked Funds | RP-29 | 14443.00 |
| 340000000 | Deposits Received | RP-34 | 61053.00 |
| 350000000 | Other Liabilities | RP-36 | 149043.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4153512.00 |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | RP-47 | 174044.00 |
| | Grand total | | 120365923.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4497466.00 |
| 220000000 | Administrative Expenses | RP-12 | 787047.00 |
| 230000000 | Operations & Maintenance | RP-13 | 803911.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 2409819.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 5701232.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 2921302.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 595271.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 9645.00 |
| 255000000 | Maintenance Projects | RP-20 | 948018.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 16000.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 17500.00 |
| 280000000 | Prior Period item | RP-26 | 291548.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 553765.00 |
| 350000000 | Other Liabilities | RP-36 | 75952119.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 2018.00 |
| 340000000 | Deposits Received | RP-34 | 44766.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 3963486.00 |
| 410000000 | Fixed Assets | RP-38 | 2564878.00 |
| 412000000 | Capital work in Progress | RP-40 | 500000.00 |
| 460000000 | Loans, Advances and Deposits | RP-47 | 936172.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 16715096.00 |
| Cash | Cash | RP-40(b) | 134864.00 |
| | Grand Total | | 120365923.00 |

## അനുബന്ധം 4

## INCOME & EXPENDITURE STATEMENT

| For the period from 01-April-2021 to 31-March-2022 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 5312443.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 336483.00 |
| 140000000 | Fee & User Charges | I-4(b) | 347943.00 |
| 150000000 | Sale & Hire Charges | I-5(b) | 10987138.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 29673956.00 |
| 170000000 | Income from Investments | I-7 | 1510707.00 |
| 171000000 | Interest Earned | I-8 | 382359.00 |
| 180000000 | Other Income | I-9 | 24843.00 |
| | Total Income | | 48575872.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 14097717.00 |

| | | | |
|---|---|---|---|
| 220000000 | Administrative Expenses | I-11(b) | 830272.00 |
| 230000000 | Operations & Maintenance | I-12(b) | 1317674.00 |
| 240000000 | Interest & Finance Charges | I-13 | 2018.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 2461719.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 6099014.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 3122100.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 626271.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 13290045.00 |
| 255000000 | Maintenance Projects | I-14(e) | 948018.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 16000.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 17500.00 |
| 272000000 | Depreciation | I-17(a) | 3387219.00 |
| | Total Expenditure | | 46215567.00 |
| | Gross Surplus/ Deficit of income over Expenditure | | 2360305.00 |
| 280000000 | Prior Period Item | I-18 | 264500.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 2095805.00 |

## അനുബന്ധം 5

## BALANCE SHEET

| For the period from 01-April-2021 to 31-March-2022 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |

| | | | |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 39943902.47 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 107878.00 |
| 312000000 | Reserves | B-3 | 17787759.00 |
| | Total Reserve & Surplus | | 57839539.47 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 3822065.00 |
| | Total Grants, Contributions for Specific Purposes | | 3822065.00 |
| | Loans | | |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1082435.07 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2300731.96 |
| | Total Current Liabilities and Provisions | | 3383167.03 |
| | TOTAL LIABILITIES | | 65044771.50 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 37353896.00 |
| 411000000 | Accumulated Depreciation | B-11 | -13163083.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 24190813.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 22489029.00 |
| | Total Investments | | 22489029.00 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 767196.50 |
| 450000000 | Cash and Bank Balance | B-17 | 16849960.00 |
| 460000000 | Loans, Advances and Deposits | B-18 | 747773.00 |
| | Total Current Assets, Loans and Advances | | 18364929.50 |

| | | | |
|---|---|---|---|
| | TOTAL ASSETS | | 65044771.50 |